**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം.**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ തസ്തികയിലെ സ്ഥലംമാറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ആരോഗ്യവകുപ്പ് ഡയറക്ടറുടെ **12/06/2025** തീയതിയിലെ **DHS/9705/2025/ED4** നമ്പർ നടപടിക്രമം

2) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **16/06/2025** തിയതിയിലെ **OA-1041/2025** മേലുള്ള അന്തിമ ഉത്തരവ്

3)ആരോഗ്യവകുപ്പ് ഡയറക്ടറുടെ **20/06/2025** തീയതിയിലെ **DHS/9705/2025/ED4** നമ്പർ നടപടിക്രമം

4) സ.ഉ.(സാധാ) നം. **2099/2025/H&FWD,** തീയതി, **29/07/2025**

5) ജീവനക്കാരുടെ അപേക്ഷ

**ഉത്തരവ് നം : ഇ.ഡി. 4 -16979/2025/ആ.വ.ഡ., തീയതി : 02-08-2025**

കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിലെ മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ ശ്രീമതി. റ്റിഷ. റ്റി. ഫ്ലോറി-യെ പരാമർശം **(1)** പ്രകാരമുള്ള **2025** അന്തിമ പൊതുസ്ഥലംമാറ്റ ഉത്തരവിൽ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത കേസിൻമേലുള്ള പരാമർശം **(2)** വിധിന്യായ ഉത്തരവ് പ്രകാരം ശ്രീമതി. റ്റിഷ. റ്റി. ഫ്ലോറി-യെ കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലനിർത്തുന്നതിനും ടിയാളെ അടുത്ത വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ അടൂർ ജനറൽ ആശുപത്രിയിലേയ്ക്ക്

സ്ഥലംമാറ്റ മാനദണ്ഡങ്ങളുടേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ പരിഗണിക്കുവാനും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സൂചന (4) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നു.

കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് പൊതുസ്ഥലംമാറ്റത്തിലൂടെ നിയമിക്കപ്പെട്ട ശ്രീമതി. ഗീത ശ്രീധരനെ അടൂർ ജനറൽ ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്തതെങ്കിലും ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി ഉത്തരവ് പ്രകാരം ടിയാൾക്ക് കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോയിൻ ചെയ്യാൻ പറ്റാത്ത സാഹചര്യം വരികയും ചെയ്തതിനാൽ ടിയാളെ സൂചന (3) ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലാ ആശുപത്രിയിൽ നിയമിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

പരാമർശം (4) സർക്കാർ നിർദ്ദേശമനുസരിച്ച് ശ്രീമതി. റ്റിഷ. റ്റി. ഫ്ലോറി, മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയനെ ഇപ്പോൾ ജോലി ചെയ്യുന്ന കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലനിർത്തിക്കൊണ്ടും താഴെപ്പറയുന്ന മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻമാരെ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചും ഉത്തരവാകുന്നു.

| ക്രമ നം. | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലംമാറ്റി നിയമിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീമതി. ഗീത ശ്രീധരൻ | ജില്ലാ ആശുപത്രി, കണ്ണൂർ | ജനറൽ ആശുപത്രി, അടൂർ |
| 2 | ശ്രീ.പ്രവീൺകുമാർ.സി.പി. | ജനറൽ ആശുപത്രി, അടൂർ | താലൂക്ക് ആശുപത്രി, ചേർത്തല |
| | | | |

| | | | |
|---|---|---|---|
| **3** | ശ്രീമതി.ജോമ.എം.ജോൺ | താലൂക്ക് ആശുപത്രി, ചേർത്തല | താലൂക്ക് ആസ്ഥാന ആശുപത്രി, വൈക്കം |
| **4** | ശ്രീമതി. ജലജ. എ | താലൂക്ക് ആസ്ഥാന ആശുപത്രി, വൈക്കം | താലൂക്ക് ആസ്ഥാന ആശുപത്രി, കോതമംഗലം |

സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ ജോലിയിൽ പ്രവേശിച്ച വിവരം യഥാസമയം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് കാര്യാലയത്തിലെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
Reena K J
Date: 02-08-2025 09:54:08

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്: ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും/ ജീവനക്കാർക്കും

പകർപ്പ് :
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ഫയൽ/കരുതൽ ഫയൽ